പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 443 — 05.02.2014 - ൽ മറുപടിക്ക്

## വൃദ്ധജനങ്ങളുടെ സംരക്ഷണം

ചോദ്യം
ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം
ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷ പദ്ധതിയനുസരിച്ച് വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായുള്ള പരിപാടികളിൽ വീഴ്ച വന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും | വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായുള്ള പരിപാടികളിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | എങ്കിൽ അതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | | |
| (സി) | വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ ; | (സി) യും (ഡി) യും | വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു വരുന്നു. വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുവാനും സേവനങ്ങൾ കാര്യക്ഷമമാക്കുവാനുമായി മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം – 2013 അംഗീകരിച്ച് നടപ്പിലാക്കുന്നു. മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയത്തിനനുസൃതമായി വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും സേവനം സംയോജിതമായി ലഭ്യമാക്കുവാനുള്ള കർമ്മ പരിപാടിയ്ക്ക് രൂപം നൽകി വരുന്നു. ടി നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം വിവിധ ഗവൺമെന്റ് സെക്രട്ടറിമാരടങ്ങിയ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. മുതിർന്നവർക്കുള്ള ക്ഷേമ പദ്ധതികൾ രൂപീകരിക്കുന്നതിന്, ടി നയം വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ മാതാപിതാക്കളുടെയും |
| (ഡി) | വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലെ സേവനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ; | | |

| | | | |
|---|---|---|---|
| | | | മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടം 2009 അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>നിരാലംബരായ വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് Multi Task Care Provider, Nurse, Counsellor എന്നിവരുടെ സേവനം കേരള സാമൂഹ്യ സുരക്ഷ മിഷനിലൂടെ നൽകി വരുന്നു. |
| (ഇ) | നിരാലംബരായ വൃദ്ധജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ സുരക്ഷാ പദ്ധതികൾ ആവിഷ്കരിക്കുമോ ; എന്ന് വ്യക്തമാക്കുമോ ? | (ഇ) | സംസ്ഥാനത്തെ വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി വയോമിത്രം പദ്ധതി നടപ്പാക്കി വരുന്നു. ടി പദ്ധതിയിൽ പ്രതിമാസം രണ്ടു തവണഓരോ പ്രദേശത്തും സംഘടിപ്പിക്കുന്ന ക്ലിനിക്കിലൂടെ സൗജന്യമായി മരുന്നുകൾ , പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നു. ടി പദ്ധതിയുടെ സേവനം 5 കോർപ്പറേഷനുകളിലും 20 മുനിസിപ്പാലിറ്റിയിലും നിലവിൽ ലഭ്യമാണ്. എല്ലാ നഗര പ്രദേശങ്ങളിലേയ്ക്ക് ടി സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചു വരുന്നു.<br>കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ മുഴുവൻ ക്ഷേമ സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു മൊബൈൽ ക്ലിനിക്കിലൂടെ ആയുർവേദ ഡോക്ടർ, അലോപ്പതി ഡോക്ടർ, നഴ്സ്, കൗൺസിലർ, യോഗ ഇൻസ്ട്രക്ടർ എന്നിവരുടെ സേവനവും സൗജന്യ മരുന്നുകളും നൽകുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ